പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.60

29.10.2019-ൽ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് പദ്ധതി

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യ മെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. ആർ.എസ്.ബി.വൈ -ക്കു പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്തു നിലവിലുള്ള ആർ.എസ്.ബിവൈ/ചിസ്, ചിസ് പ്ലസ്, എസ് ചിസ് (SCHIS), കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി എന്നിവ സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ വിപുലമായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) എന്ന പേരിൽ ഒരു പദ്ധതി 2019 ഏപ്രിൽ 1 മുതൽ കേരളത്തിൽ നടപ്പിലാക്കുകയാണുണ്ടായത്. വിപുലമായ ഈ പദ്ധതിയിൽ ഇതിനോടകം 41.38 ലക്ഷം കുടുംബങ്ങളും 58.61 ലക്ഷം ഗുണഭോക്താക്കളും ചേർന്നുകഴിഞ്ഞിട്ടുണ്ട്. എങ്കിലും നിലവിലുള്ള എല്ലാ കാരുണ്യ ബനവലൻറ് ഫണ്ട് ഗുണഭോക്താക്കൾക്കും മാർച്ച് 2020 വരെ പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായം തുടർന്നും ലഭ്യമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പണം ലഭിക്കുന്നതിനായി നടപ്പിലാക്കിയ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ | (ബി)<br>&<br>(സി) | 2018 ജനുവരി മുതൽ 2019 ജൂൺ 30 വരെ കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും ലഭിച്ച ഏകദേശ അറ്റാദായം 313.44 കോടി രൂപയും കാരുണ്യ പ്ലസ് ഭാഗ്യക്കുറിയിൽ നിന്നും ലഭിച്ച ഏകദേശ അറ്റാദായം |

| | | | |
|---|---|---|---|
| | ലോട്ടറികളിൽ നിന്നും 2018 ജനുവരി മുതൽ 2019 ജൂൺ 30 വരെ എന്ത് തുകയാണ് അറ്റാദായമായി ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | | 311.23 കോടി രൂപയുമാണ്. 2018 ജനുവരി മുതൽ 2019 ജൂൺ 30 വരെ കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതിയ്ക്കായി ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 406,30,25,527/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത തുകയിൽ നിന്നും ഈ കാലയളവിൽ കാരുണ്യ ബെനവലന്റ് പദ്ധതിക്കായി എന്ത് തുകയാണ് അനുവദിച്ച തെന്ന് അറിയിക്കാമോ; | | |
| (ഡി) | സർക്കാർ ഫണ്ടിൽ നിന്നും ഈ പദ്ധതിക്കായി എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ലോട്ടറിയിൽ നിന്നുള്ള വരുമാനം കൊണ്ട് മാത്രം നടപ്പിലാക്കിയിരുന്ന പദ്ധതി നിർത്തലാക്കിയത് പാവപ്പെട്ട രോഗികളോടുള്ള അനീതിയാണെന്ന ആക്ഷേപ മുള്ളതിനാൽ പ്രസ്തുത തീരുമാനം പുനഃപരിശോധി ക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതിയ്ക്കായി ഭാഗ്യക്കുറി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിക്കുന്നത്. നാളിതുവരെ പദ്ധതിക്കായി 1631.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചെങ്കിലും നിലവിലുള്ള എല്ലാ കാരുണ്യ ബനവലൻറ് ഫണ്ട് ഗുണഭോക്താക്കൾക്കും 2020 മാർച്ച് 31 വരെ ചികിത്സാ സഹായം ലഭ്യമാണ്.<br>കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതിയിൽ നിലവിൽ അപേക്ഷകൾ സ്വീകരിക്കുന്നില്ലെങ്കിലും പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിന് അർഹരായവരിൽ KASP ചികിത്സാ പദ്ധതിയിൽപ്പെടാത്തവർക്ക് മാർച്ച് 2020 വരെ ചികിത്സാ സഹായം 'ചിയാക്ക്' മുഖേന ലഭ്യമാക്കു ന്നതാണ്. KASP-ൽ അർഹതയുള്ള വർക്ക് പ്രസ്തുത പദ്ധതി പ്രകാരവും ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ശരാശരി വാർഷിക ചെലവ് 240 കോടി രൂപയായിരുന്നു. KASP ൽ പ്രീമിയമായി അടയ്ക്കുന്നത് 553.43 കോടി രൂപയും ആരോഗ്യ സുരക്ഷാ പരിപാടി കൂടുതൽ ചെലവ് ചെയ്ത് |

| | | | |
|---|---|---|---|
| | | | വിപുലപ്പെടുത്തുകയാണ് ചെയ്തത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. |

സെക്ഷൻ ഓഫീസർ